# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1308 21.03.2013 - ൽ മറുപടിക്ക്

## ദേശീയപാതകളിലെ ബൈപാസുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. മാത്യു റ്റി. തോമസ് :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. സി. കെ. നാണു : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ദേശീയ പാതകളിലെ ബൈപാസ് നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ സംസ്ഥാന സർക്കാരിന് നിലവിൽ എന്തു സംവിധാനമാണുള്ളത് ; | (എ) കേരളത്തിലെ പ്രധാന ദേശീയ പാതകൾ എൻ. എച്ച്. 17, എൻ. എച്ച്. 47 (പുതിയ നമ്പർ എൻ. എച്ച്. 66) മാണ്. ഇതിൽ പ്രധാനമായി കോഴിക്കോട്, തലശ്ശേരി - മാഹി, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ബൈപ്പാസുകളാണ് ഉള്ളത്. ഇവയുടെ നിർമ്മാണം പൂർണ്ണമായും നാഷണൽ ഹൈവേ അതോറിറ്റി ആണ് കൈകാര്യം ചെയ്യുന്നത്. ഇവയ്ക്കുള്ള സ്ഥലമെടുപ്പ് നടപടികളും മറ്റ് ഭാഗീകമായ പ്രവൃത്തികളും കേരള പൊതുമരാമത്ത് വകുപ്പിന്റെ ദേശീയ പാത വിഭാഗം നടപ്പാക്കുന്നുണ്ട്. ദേശീയ പാത വികസനം ത്വരിതപ്പെടുത്തുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിക്ക് പൊതുമരാമത്ത് ദേശീയ പാത വിഭാഗം ആവശ്യമായ |

സഹായസഹകരണങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ ബൈപ്പാസുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി കൊല്ലം , ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കഴക്കൂട്ടം - കോവളം - കളിയിക്കാവിള ബൈപാസ് നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്.<br>കഴക്കൂട്ടം മുതൽ കോട്ടുകാൽ (0/000 മുതൽ 26/500) വരെയുള്ള ഭാഗം നാലുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള അനുവാദം കേന്ദ്ര സർക്കാർ 07.03.2013 -ൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി എടുത്തു വരുന്നു. ബാക്കി ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ദേശീയപാതകളിലെ ബൈപാസുകളുടെ നിർമ്മാണം നടത്തുന്നതിനെക്കുറിച്ച് നാഷണൽ ഹൈവേ അതോറിറ്റി അധികാരികളുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കുമോ ? | (സി) | വകുപ്പുതല അവലോകന യോഗങ്ങളിൽ ഇക്കാര്യം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മന്ത്രി തന്നെ ദേശീയ പാത വിഭാഗം ഉദ്യോഗസ്ഥരുമായും നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ